ഉത്തരം

(എ) ഉണ്ട്. 3-7-2008-ലാണ് സമർപ്പിച്ചത്.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി&ഡി) പി.എസ്.സി. നടത്തുന്ന എല്ലാ ജില്ലാതല നിയമനങ്ങൾക്കും അതത് ജില്ലയിലുള്ളവർക്ക് വെയിറ്റേജായി 5 മാർക്ക് നൽകുന്നതിനായി കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് ചട്ടങ്ങളിലെ ബന്ധപ്പെട്ട ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനുള്ള കരട് വിജ്ഞാപനം കേരള നിയമസഭയുടെ വിഷയ നിർണ്ണയ സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. വിഷയ നിർണ്ണയസമിതിയുടെ അംഗീകാരം ലഭിച്ച ശേഷമേ വിജ്ഞാപനം പുറപ്പെടുവിക്കാൻ നിർവ്വാഹമുള്ളൂ.

പി.എസ്.സി. വഴിയല്ലാതെ കൂടിക്കാഴ്ച വഴിയുള്ള സ്ഥിരം നിയമനം

27 (61) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പി.എസ്.സി. മുഖേനയല്ലാതെ നേരിട്ട് കൂടിക്കാഴ്ച വഴി സ്ഥിരം നിയമനം നടത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ തസ്തികകളിൽ ഏതൊക്കെ വകുപ്പുകളിൽ, എത്രപേർക്ക് എന്ന് ഇനം തിരിച്ച് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു വരുന്നു.

സെക്രട്ടേറിയറ്റ്/ലോക്കൽഫണ്ട് ഓഡിറ്റ്/പി.എസ്.സി./അഡ്വക്കേറ്റ് ജനറൽ ഓഫീസ് തുടങ്ങിയ വകുപ്പുകളിലെ ടൈപ്പിസ്റ്റ് ഗ്രേഡ്-2 തസ്തികയിലെ നിയമനം

28 (66) ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റ്/ലോക്കൽഫണ്ട് ഓഡിറ്റ്/ പി.എസ്.സി./അഡ്വക്കേറ്റ് ജനറൽ ഓഫീസ് തുടങ്ങിയ വകുപ്പുകളിൽ ടൈപ്പിസ്റ്റ് ഗ്രേഡ്-2 തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ട് ; വകുപ്പ് തിരിച്ച് ലഭ്യമാക്കുമോ ;

(ബി) ഇപ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം പ്രസ്തുത വകുപ്പുകളിൽ ഈ തസ്തികയിൽ എത്ര പേർ ജോലിചെയ്യുന്നുവെന്ന് വകുപ്പു തിരിച്ച് വ്യക്തമാക്കുമോ ;

(സി) 2011 മാർച്ച് 31-ലെ റിട്ടയർമെന്റ് പ്രകാരം എത്ര ഒഴിവുകൾ ഉണ്ടാകുമെന്ന് വകുപ്പുതിരിച്ച് വ്യക്തമാക്കുമോ ;

(ഡി) നിലവിലുള്ള ഒഴിവുകളിൽ എത്രയെണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വകുപ്പുതിരിച്ച് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly